**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. ***402** **20.07.2015** -ലെ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്ക് വ്യവസായ സംരഭകത്വ പദ്ധതി

*ചോദ്യം*
ശ്രീ.സി.പി.മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി.ഡി.സതീശൻ
,, എം.എ. വാഹീദ്

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദ്യാർത്ഥികൾക്കായി വ്യവസായ സംരഭകത്വ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | സംസ്ഥാനത്ത് വർഷം തോറും പുറത്തിറങ്ങുന്ന ഒരു ലക്ഷത്തോളം ബിരുദധാരികളിൽ നല്ലൊരുവിഭാഗം വിദ്യാർത്ഥികൾക്കും സംരംഭകത്വആശയം ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിന് ഉള്ള സാഹചര്യവും പിന്തുണയും ലഭിക്കുന്നില്ല. വിദ്യാർത്ഥികൾ തൊഴിൽഅന്വേഷകർ എന്നതിന് പകരം തൊഴിൽ ദാതാക്കളായി മാറുന്ന സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇതുവഴി കഴിയും. |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) | സംസ്ഥാനത്തെ വ്യവസായ , വിവര സാങ്കേതിക വകുപ്പുകൾ , സർവ്വകലാശാലകൾ, ടെക്നോപാർക്ക് ടി ബി ഐ., കാക്കനാട്ടുള്ള സ്റ്റാർട്ട് അപ്പ് വില്ലേജ്, സംസ്ഥാനത്തെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, 4 പോളി ടെക്ക്നിക്ക് കോളേജുകൾ, കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ വ്യവസായ സംരംഭകത്വ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | 2013 സെപ്റ്റംബർ 12 സംസ്ഥാന സംരംഭകത്വ ദിനമായി ആചരിക്കുകയും സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഗുലേഷൻസിൽ ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യുബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരെഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 2014-15 വർഷം ടെക്ക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി 75 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി.<br>ടെക്നോളജി ബിസിനസ്സ് സെന്ററുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 2015-16 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 75 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ